സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികൾ

1306. [1955] ശ്രീ. എസ്. ആർ. തങ്കരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സഹകരണ സ്ഥാപനങ്ങൾ നടത്തുന്ന ചിട്ടികളെ സംബന്ധിച്ച് റിസർവ് ബാങ്ക് ഏർപ്പെടുത്തിയിരുന്ന നിരോധന നിബന്ധന മാറ്റുന്നതിന് സംസ്ഥാന സർക്കാർ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(ബി) സ്വീകരിച്ചിട്ടുണ്ടെങ്കിൽ അത് എന്താണെന്നും ഇല്ലെങ്കിൽ അടിയന്തിരമായി ഈ നിയന്ത്രണം നീക്കുന്നതിന് കേന്ദ്ര ഗവൺമെൻറിനോട് അഭ്യർത്ഥിക്കുമോ ?

ഉത്തരം

(എ, ബി) കേന്ദ്ര ചിട്ടിനിയമം ഈ സംസ്ഥാനത്ത് പ്രാബല്യത്തിൽ വന്നിട്ടില്ല. എന്നാൽ കേന്ദ്ര ചിട്ടിനിയമത്തിൽ സഹകരണ അർബൻ ബാങ്കുകൾ ചിട്ടി നടത്തുന്നതിന് നിരോധനം ഉണ്ട്. ഈ തടസ്സം മാറ്റിക്കിട്ടുന്നതിന് സംസ്ഥാന ഗവൺമെൻറ് കേന്ദ്ര ഗവൺമെൻറിനോടും റിസർവ് ബാങ്കിനോടും അഭ്യർത്ഥിച്ചിട്ടുണ്ട്.

ട്രഷറി വകുപ്പിലെ ജീവനക്കാരുടെ പ്രമോഷൻ

1307. [1956] ശ്രീ. എ. കെ. പത്മനാഭൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രഷറി വകുപ്പിലെ ജീവനക്കാർക്ക് പ്രമോഷൻ ലഭിക്കാൻ കാലതാമസം ഉണ്ടാകുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഉണ്ടെങ്കിൽ എന്താണ് കാരണം ;

(സി) ജീവനക്കാർക്കുള്ള പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കാൻ നടപടിയെടുക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

(ബി) ട്രഷറി സ്പെഷ്യൽ റൂംസിൽ വരുത്തിയ ഭേദഗതികളും പൊതുക്കോടതി സ്റ്റേറ്റ് ചെയ്തിരിക്കുന്നതിനാൽ നിലവിലുള്ള സീനിയോറിറ്റി ലിസ്റ്റിൻ പ്രകാരം പ്രമോഷൻ നടത്താൻ നിവൃത്തിയില്ലാത്തതാണ് കാരണം.

(സി) പ്രമോഷൻ സാദ്ധ്യത വർദ്ധിപ്പിക്കുവാൻ ഇപ്പോഴും നടപടി കളൊന്നുമില്ല. എന്നാൽ മേൽപ്പറഞ്ഞ സ്റ്റേറ്റ് നിക്കം ചെയ്ത് കിട്ടിയാലുടൻ നിലവിലുള്ള ഒഴിവുകളിൽ പ്രമോഷനുകൾ നടത്തുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly